ശ്രീ. എം. നാരായണക്കുറുപ്പ്: ഒരു കൊല്ലം ഈ അഞ്ചുശതമാനം അപേക്ഷകർ ഉണ്ടായില്ല എന്നു വരുകിൽ വരുന്നകൊല്ലത്തേയ്ക്കു ബാക്കിയുള്ള ശതമാനംകൂടി ക്യാരി ഓവർ ചെയ്യുന്ന സംപ്രദായം സ്വീകരിക്കുമോ? കേന്ദ്ര ഗവണ്മെൻറിലും മറ്റും അങ്ങനെ ചെയ്യുന്നുണ്ട്.

ശ്രീ. ആർ. ശങ്കർ: പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമനത്തിനു അങ്ങനെ ഉണ്ടായിരുന്നു. ഇപ്പോൾ ഹൈക്കോടതിയിൽ അതു ചോദ്യം ചെയ്യപ്പെട്ടിരിക്കുകയാണു്. ഇവിടെ അതിൻെറ ആവശ്യം ഉണ്ടായിട്ടില്ല.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: മിനിമം ശതമാനം ഫിൽ അപ്പ് ചെയ്യാത്ത ഏതെങ്കിലും കാളേജു ഉണ്ടോ? കഴിഞ്ഞ കൊല്ലത്തെ അപേക്ഷകരും എത്രയുണ്ടായിരുന്നുവെന്നു പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. ആർ. ശങ്കർ: പ്രത്യേക ചോദ്യം ചോദിച്ചാലേ പറയുവാൻ സാധിക്കുകയുള്ളൂ.

മലയാളം ഔദ്യോഗിക ഭാഷയാക്കുന്നതിനു നടപടികളും.

* 826. [19] † ശ്രീ. പാറയിൽ ഷംസുദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാളം ഔദ്യോഗികഭാഷയാക്കുന്നതിനു് എന്തെല്ലാം നടപടികളും എടുത്തിട്ടുണ്ടു്;

(ബി) സക്കാരാഫീസുകളിൽ, ഏതെങ്കിലും നിലവാരത്തിൽ മലയാളം ഉപയോഗിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ)

(എ) മലയാളം ഔദ്യോഗിക ഭാഷയാക്കുന്നതിനുവേണ്ടി എടുക്കേണ്ട നടപടികളും എന്തെല്ലാമാണെന്നു പരിശോധിച്ചു റിപ്പോർട്ടുചെയ്യാൻവേണ്ടി 1957 ആഗസ്റ്റു മാസത്തിൽ ഒരു കമ്മിറ്റിയെ നിയോഗിച്ചു. ആ കമ്മിറ്റി 1958 ആഗസ്റ്റു മാസത്തിൽ സമർപ്പിച്ച ഭരണപദ സമുച്ചയം ഗവണ്മെൻറിൻെറ പരിഗണനയിൽ ഇരിക്കുകയാണു്.

(ബി) സാക്ഷികളുടെ മൊഴി രേഖപ്പെടുത്തുവാൻ കോടതിയിൽ മലയാളം ഉപയോഗിക്കുന്നുണ്ടു്.

ശ്രീ. എം. നാരായണക്കുറുപ്പ്: സർവ്വകലാശാല വിദ്യാഭ്യാസത്തിൽ രണ്ടു പിരീഡ് മലയാളം മതിയെന്നു നിശ്ചയിച്ചിട്ടുള്ളതു മലയാളം ഔദ്യോഗിക ഭാഷ ആക്കാനുള്ള പരിപാടി ഇനത്തിൽ പെട്ടതാണോ?

ശ്രീ. ആർ. ശങ്കർ: യൂണിവേഴ്സിറ്റി മലയാളം ആഴ്ചയിൽ രണ്ടു പിരീഡ് മാത്രം മതിയെന്നു നിശ്ചയിക്കുകയും പിന്നീടു് അതിൽ മാറ്റം വരുത്തുകയും ചെയ്തിട്ടുണ്ടു്. യൂണിവേഴ്സിറ്റിയിൽ പഠിപ്പിക്കുന്നതും ഗവണ്മെൻറുഔദ്യോഗികഭാഷയും തമ്മിൽ യാതൊരു ബന്ധവും ഉണ്ടെന്നു തോന്നുന്നില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഈ കമ്മിറ്റിയുടെ റിപ്പോർട്ടനുസരിച്ചു പഞ്ചായത്തു ഡിപ്പാർട്ടുമെൻറിലും പഞ്ചായത്തുകളിലും ഉള്ള എഴുത്തുകുത്തുകളും മലയാളത്തിൽ ആക്കണമെന്നുണ്ടു്. അക്കാര്യത്തിൽ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ?

ശ്രീ. ആർ. ശങ്കർ: ആ റിപ്പോർട്ട് നടപ്പിൽ വരുത്തുവാൻ ഗവണ്മെൻറ് ആലോചിച്ചുകൊണ്ടിരിക്കുകയാണു്. പലരുമായി സംബന്ധിച്ചു ചില അഭിപ്രായ വ്യത്യാസങ്ങളും ഉണ്ടായി. അതുകൊണ്ടു് വിദഗ്ദ്ധന്മാരായ പല

† Put by Shri M. Ravindranath

LIBRARY ARCHIVES Kerala Legislative Assembly

ആളകംക്കും അതു അയച്ചുകൊടുത്തിരിക്കുകയാണു്. നിയമസഭാ മെമ്പറന്മാർ, സാഹിത്യകാരന്മാർ, യൂണിവേഴ്സിറ്റി അധികൃതന്മാർ തുടങ്ങിയവർക്കു കമൻറ്സ് അയയ്ക്കുന്നതിനായി അയച്ചുകൊടുത്തിരിക്കുകയാണു്. എന്നാൽ ഇവരിൽ നിന്നും വലിയ റെസ്പോൺസ് ഉണ്ടായിട്ടില്ല എന്നുള്ളതാണു് പരമാർത്ഥം.

ശ്രീ. ഈ. പി. ഗോപാലൻ: പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളതിന്റെ ആദ്യ പടിയായി കോടതിയിൽ സാക്ഷിമൊഴി രേഖപ്പെടുത്തുന്നതു മലയാളത്തിൽ ആയിരിക്കണമെന്നു പറയുകയുണ്ടായി. ഗവണ്മെൻറിന്റെ മറ്റു ഭാഗങ്ങളിൽ ഏതെല്ലാം നിലവാരത്തിൽ മലയാളഭാഷ ഉപയോഗിക്കുവാൻ കഴിയുമെന്നുള്ളതിനെ സംബന്ധിച്ചു വ്യക്തമായ വല്ല ധാരണയും ഉണ്ടോ? ഉണ്ടെങ്കിൽ അടുത്ത സ്റ്റെപ്പു എവിടെയാണു്?

ശ്രീ. ആർ. ശങ്കർ: പഞ്ചായത്തു ലെവലിൽ മലയാളം ഉപയോഗിക്കാമെന്നാണു് പൊതുവേ വച്ചിട്ടുള്ളതു്.

ശ്രീ. സി. അച്യുതമേനോൻ: ഈ കമ്മിറ്റിയുടെ റിപ്പോർട്ട് കഴിഞ്ഞ ഒരു കൊല്ലത്തിനകംതന്നെ ഈ സഭയിൽ ചർച്ച ചെയ്യുകയുണ്ടായി. അന്നു മുഖ്യമന്ത്രിയായിരുന്ന ശ്രീ. പട്ടം താണുപിള്ള വ്യക്തമായി പറഞ്ഞതു ഞാൻ ഓർമ്മിക്കുകയാണു്. ഇന്നയിന്ന ഡിപ്പാർട്ടുമെൻറിൽ ഇതു നടപ്പാക്കുവാൻ വിഷമമില്ല എന്നും മറ്റു ചില സാങ്കേതിക ഡിപ്പാർട്ടുമെൻറുകളെ സംബന്ധിച്ചിടത്തോളം വിഷമം വന്നേക്കുമെന്നും അന്നു അദ്ദേഹം പറയുകയുണ്ടായി. അതിനുശേഷം ഇതുവരെ യാതൊരു നടപടിയും ഇതേ സംബന്ധിച്ചു എടുത്തിട്ടില്ലയോ?

ശ്രീ. ആർ. ശങ്കർ: യാതൊരു നടപടിയും അംഗീകരിക്കുവാൻ ഇടയാകാതെ വന്നതു പദങ്ങളെ സംബന്ധിച്ചു അടിസ്ഥാനപരമായ തീരുമാനമൊന്നും എടുക്കുവാൻ കഴിഞ്ഞിട്ടില്ലാത്തതുകൊണ്ടാണു്.

വാടകക്കെട്ടിടത്തിൽ നടത്തുന്ന സ്കൂളുകൾ.

* 827. [20] † ശ്രീ. പി. അബ്ദുൽ മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സ്റ്റേറ്റിൽ ആകെ എത്ര ഗവണ്മെൻറു സ്കൂളുകൾ വാടകക്കെട്ടിടങ്ങളിൽ നടത്തുന്നുണ്ടു് ;

(ബി) ഓരോ ഡിസ്ട്രിക്റ്റിലും എത്ര ;

(സി) എൽ. പി. സ്കൂളുകൾ എത്ര ;

(ഡി) യു. പി. സ്കൂളുകൾ എത്ര ;

(ഇ) ഹൈസ്കൂളുകൾ എത്ര ;

(എഫ്) വാടകയിനത്തിൽ ഓരോ ഡിസ്ട്രിക്റ്റിലും എത്രവീതം കൂടിശ്ശിക കൊടുക്കാനുണ്ടു് :

(ജി) ഏറ്റവും പഴയ കൂടിശ്ശിക ഏതുകൊല്ലം മുതൽക്കാണു് ;

(എച്ച്) കൂടിശ്ശികകൾ ഉടനെ തീർത്തുകൊടുക്കാൻ ഗവണ്മെൻറു വല്ല നടപടിയും എടുക്കുന്നുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) ;

(എ) 945.

(ബി, സി, ഡി, ഈ, എഫ്) വിവരങ്ങൾ കാണിക്കുന്ന ‡ സ്റ്റേറ്റുമെൻറു മേശപ്പുറത്തു വച്ചിട്ടുണ്ടു്

† Put by Shri N. E. Balaram.

‡ Appendix IV

LIBRARY ARCHIVES Kerala Legislative Assembly